ഉത്തരം

(എ)&(ബി) മഴുവന്നൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ ആവശ്യത്തിലേക്കായി മഴുവന്നൂർ ടാങ്കിലേക്ക് ശുദ്ധജലമെത്തിക്കാൻ പ്രത്യേകമായി ഒരു പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ഒരു രൂപ രേഖ 47.75 ലക്ഷം രൂപയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രൂപരേഖ നടപ്പിലാക്കുന്നതിനുമുമ്പ് വീണ്ടും നടത്തിയ പഠനത്തിൽ ഇതിന് ആവശ്യമായ ജലം സ്രോതസ്സിൽ ലഭ്യമല്ലെന്ന് കണ്ടെത്തിയതിനാൽ ജല ലഭ്യതയുള്ള വേറൊരു സ്രോതസ്സ് കണ്ടുപിടിച്ച് പദ്ധതി നടപ്പിലാക്കുവാനായി 50 ലക്ഷം രൂപ മതിപ്പുള്ള പുതുക്കിയ മറ്റൊരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ രൂപരേഖയ്ക്ക് അംഗീകാരം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**63 (459) പൊയ്യക്കുന്നം വാട്ടർ സപ്ലൈ സ്കീം**

ശ്രീ. എം.പി. വർഗ്ഗീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേൾഡ് ബാങ്ക് പ്രോജക്ടിന്റെ കിഴക്കമ്പലം പഞ്ചായത്തിലെ പൊയ്യക്കുന്നം വാട്ടർ സപ്ലൈ സ്കീം പൂർത്തിയായിട്ട് എത്ര വർഷമായി;

(ബി) പ്രസ്തുത പ്രോജക്ടിന് എന്തു തുക ചെലവായിട്ടുണ്ട്; എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രോജക്ട് കമ്മീഷൻ ചെയ്യാൻ കഴിയാത്ത അവസ്ഥയിൽ ആണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതേപ്പറ്റി സമഗ്രമായ അന്വേഷണവും അനന്തര നടപടികളും സ്വീകരിക്കുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിയുടെ പണി ഭാഗികമായി പൂർത്തിയായിട്ട് 6 വർഷങ്ങളായി.

(ബി) 2074 ലക്ഷം രൂപ ചെലവായിട്ടുണ്ട്; വിതരണ ശൃംഖലയിലുള്ള ചില തകരാറുകൾ പരിഹരിച്ചതിനു ശേഷം മാത്രമേ കമ്മീഷൻ ചെയ്യാൻ കഴിയുന്ന തീയതി നിശ്ചയിക്കാൻ കഴിയൂ.

(സി) പ്രസ്തുത പ്രോജക്ട് കമ്മീഷൻ ചെയ്യാൻ കഴിയാത്ത അവസ്ഥയിലല്ല; എന്നാൽ കമ്മീഷൻ ചെയ്യുന്നതിന്റെ ഭാഗമായിട്ടുള്ള ട്രയൽ റണ്ണിംഗ് നടത്തുമ്പോൾ എ.സി. പൈപ്പു ലൈനിൽ പല ഭാഗത്തും ലീക്ക് ഉണ്ടാകുന്നതിനാൽ ട്രയൽ റണ്ണിംഗ് സുഗമമായി നടത്തുവാൻ സാധിക്കുന്നില്ല. ആയതു പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഇതേപ്പറ്റി വിശദമായ പഠനം നടത്തിവരികയാണ്.

**64 (460) മുളക്കുഴ ശുദ്ധജലവിതരണ പദ്ധതി**

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :



LIBRARY ARCHIVES Kerala Legislative Assembly

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ "മുളക്കുഴ ശുദ്ധജല വിതരണ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി നാളിതുവരെ എന്തു തുക ചെലവാക്കിയിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതിയുടെ മൊത്തം അടങ്കൽത്തുക എത്രയാണ്;

(ഡി) ഇതിന്റെ പണി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു;

(ഇ) പ്രസ്തുത പദ്ധതിയുടെ പണി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുളക്കുഴ ശുദ്ധജലവിതരണ പദ്ധതിയുടെ ഘടകങ്ങളായ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ, ഡിസ്ട്രിബ്യൂഷൻ സിസ്റ്റം എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിച്ചിട്ടുള്ള ബണ്ട്, ജലസംഭരണി എന്നിവയുടെ പണികൾക്കായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) 28.82 ലക്ഷം രൂപ.

(സി) 9.28 ലക്ഷം രൂപ.

(ഡി) 2000-ാ മാണ്ട് ഡിസംബറിനു മുമ്പ് ഇതിന്റെ പണി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**65 (461) മൂവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതി**

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതിയുടെ എത്ര ശതമാനം പണി പൂർത്തിയാക്കി;

(ബി) വിജിലൻസ് കേസുകളെത്തുടർന്ന് മുടങ്ങിക്കിടക്കുന്നത് ഏതൊക്കെ പണികളാണ്;

(സി) പ്രസ്തുത പണികൾ കേസിന്റെ തീർപ്പുവരെ മുടങ്ങിക്കിടക്കുന്ന അവസ്ഥ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൂവാറ്റുപുഴവാലി പദ്ധതിയുടെ ഡാമിന്റെ പണി പൂർത്തിയാക്കി. കനാലിന്റെ ആകെയുള്ള നീളത്തിൽ മുപ്പതു ശതമാനത്തോളം പണി പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) വിജിലൻസ് കേസുകളെത്തുടർന്ന് മുടങ്ങിക്കിടക്കുന്ന പണികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(സി) നടപടികൾ സ്വീകരിച്ചു വരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly